പത്രക്കുറിപ്പ്
05-06-2018

ലോക പരിസ്ഥിതി ദിനാചരണം
**പ്ലാസ്റ്റിക് മാലിന്യങ്ങളുടെ അളവു കുറയ്ക്കാൻ**
**ഫലപ്രദമായ പദ്ധതികൾ നടപ്പാക്കിയതിന് കുടുംബശ്രീക്ക് അവാർഡ്**

തിരുവനന്തപുരം: ലോക പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് പ്ലാസ്റ്റിക് നിർമാർജനത്തിനും പരിസ്ഥിതി മലിനീകരണം ഇല്ലാതാക്കുന്നതിനും ലക്ഷ്യമിട്ട് നടപ്പാക്കുന്ന വൈവിധ്യങ്ങളായ പദ്ധതികളെ മുൻനിർത്തി കുടുംബശ്രീക്ക് അവാർഡ്. ഹരിതകേരള മിഷനും പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പും സംയുക്തമായി കനകക്കുന്ന് പാലസിൽ സംഘടിപ്പിച്ച ചടങ്ങിൽ വൈദ്യുതി വകുപ്പ് മന്ത്രി എം.എം.മണിയിൽ നിന്നും മികച്ച പ്രവർത്തനത്തിനുള്ള അവാർഡ് കുടുംബശ്രീ പ്രോഗ്രാം ഓഫീസർ നിരഞ്ജന എൻ.എസ് സ്വീകരിച്ചു.

സംസ്ഥാനത്ത് പ്ലാസ്റ്റിക്ക് മലിനീകരണം തടയുന്നതിനും ഉപയോഗം കുറയ്ക്കുന്നതുമടക്കം പ്ലാസ്റ്റിക് നിർമാർജന പ്രവർത്തനങ്ങൾക്കായി ഹരിതകേരളം മിഷന്റെ സഹായത്തോടെ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനാണ് അവാർഡ്. ഇതിനായി മൂന്ന് തരത്തിലുള്ള പ്രവർത്തനങ്ങളാണ് കുടുംബശ്രീ പ്രധാനമായും നടത്തുന്നത്. പ്ലാസ്റ്റിക്കിന് ബദലായുള്ള ഉൽപന്നങ്ങളുടെ നിർമാണം , പുനരുപയോഗ സാധ്യമായ പാത്രങ്ങൾ, ഗ്ലാസ്സുകൾ തുടങ്ങിയവ വാടകയ്ക്ക് നൽകൽ, പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് റീസൈക്ലിങ്ങിന് നൽകൽ എന്നിവയാണത്.

പ്ലാസ്റ്റിക്- പേനകൾ, ഫയലുകൾ, കവറുകൾ- തുടങ്ങിയവയുടെ ഉപയോഗം കുറയ്ക്കുന്നതിനായി പേപ്പർ ഫയലുകൾ, പേനകൾ ബാഗുകൾ, പാത്രങ്ങൾ, തുണി സഞ്ചി, തുടങ്ങിയവ നിർമ്മിക്കുന്ന 77 സൂക്ഷ്മ സംരംഭങ്ങളാണ് കുടുംബശ്രീയ്ക്ക് കീഴിൽ പ്രവർത്തിക്കുന്നത്. ഓരോ മാസവും ഇത്തരത്തിലുള്ള 50000ത്തോളം ഉൽപന്നങ്ങൾ വിൽക്കുന്നു. സീസണിൽ ഇത് രണ്ട് ലക്ഷത്തോളമാകും. ഇതുവഴി അത്രയും പ്ലാസ്റ്റിക് ഉൽപന്നങ്ങളുടെ ഉപഭോഗം കുറയ്ക്കുന്നതിന് ഫലപ്രദമായി ഇടപെടാൻ കുടുംബശ്രീയ്ക്ക് കഴിയുന്നു. മാത്രവുമല്ല തുണി സഞ്ചി പോലുള്ള ഉൽപന്നങ്ങൾ ഒന്നിൽ കൂടുതൽ തവണ ഉപയോഗിക്കാൻ കഴിയുമെന്നതിനാൽ തന്നെ പ്ലാസ്റ്റിക് കവറുകളുടെ ഉപഭോഗം ഗണ്യമായി കുറയ്ക്കാൻ കഴിയുന്നു. പേപ്പർ, കയർ, തുണി, തഴപ്പായ എന്നിവ കൊണ്ട് പൂവ്, ചെരുപ്പ്, ചവിട്ടി, ആഭരണങ്ങൾ തുടങ്ങിയ ഉൽപന്നങ്ങൾ നിർമിക്കുന്ന യൂണിറ്റുകളും കുടുംബശ്രീയുടേതായുണ്ട്.

ഇത് കൂടാതെ ആഘോഷ ചടങ്ങുകൾക്കും മറ്റും പുനരുപയോഗിക്കാനാകുന്ന സ്റ്റീൽ പാത്രങ്ങ ളും ഗ്ലാസ്സുകളും ചില്ല് ഗ്ലാസ്സുകളും മറ്റും വാടകയ്ക്ക് നൽകുന്ന സംരംഭങ്ങളും, സംഘടനാ തലത്തിൽ എഡിഎസ്, അയൽക്കൂട്ടങ്ങൾ എന്നിവയും കുടുംബശ്രീയ്ക്കുണ്ട്. ഇപ്പോൾ നടക്കുന്ന സമ്മേളനങ്ങൾ, വിവാഹങ്ങൾ, മേളകൾ തുടങ്ങിയവയെല്ലാം ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നു. ഇതിനായി ഇത്തരത്തിലുള്ള കുടുംബശ്രീ സെന്ററുകൾ ഏറെ സഹായകമാകുന്നു.

ഉപയോഗരഹിതമായ പ്ലാസ്റ്റിക് മാലിന്യം സമാഹരിച്ച് പുനരുപയോഗത്തിന് കൈമാറുന്ന പ്രവർത്തനങ്ങളും ഹരിത കേരള മിഷന്റെ ഭാഗമായി നടക്കുന്നു. ഇതിലും കുടുംബശ്രീയ്ക്ക് മികച്ച പങ്കാളിത്തമുണ്ട്. കേരളത്തിൽ ഇതുവരെ 869 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിത കർമ്മ സേന രൂപീകരിച്ചു, ആകെ 28172 അംഗങ്ങളുണ്ട്. ഇതിൽ 412 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 16349 അംഗങ്ങൾക്ക് സമാഹരണ പ്രവർത്തനങ്ങളിൽ പരിശീലനം നൽകി, അവർ പ്രവർത്തന സജ്ജരായിക്കഴിഞ്ഞു. 182 തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങളിൽ ഹരിത കർമ്മ സേന പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഇങ്ങനെ ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ പുനഃചംക്രമണം ചെയ്തും ഉപയോഗിക്കുന്നു. ഇതേ രീതിയിൽ പ്ലാസറ്റിക് ഷ്രേഡിങ് മെഷീൻ വഴി 285461 കിലോഗ്രാം പ്ലാസ്റ്റിക് പൊടിച്ചെടുത്ത് റോഡ് ടാറിങ്ങിനായി ക്ലീൻ കേരള കമ്പനി കൈമാറുകയും ചെയ്തു.

കേരളത്തിലെ പ്ലാസ്റ്റിക് മലിനീകരണത്തിനെതിരേ കുടുംബശ്രീ നടത്തുന്ന ഈ പ്രവർത്തനങ്ങൾ കേരള സമൂഹത്തിൽ ഏറെ ക്രിയാത്മകമായ സംഭാവനയാണ് നൽകുന്നത്. ശബരിമല, മലയാറ്റൂർ, മലയാലപ്പുഴ, ആലുവ ശിവരാത്രി മണപ്പുറം, ആറ്റുകാൽ തുടങ്ങിയ തീർത്ഥാടന കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് മാലിന്യം മൂലമുള്ള മലിനീകരണം തടയുന്നതിനായി കുടുംബശ്രീ പ്രവർത്തകർ സജീവ പങ്കാളിത്തം വഹിക്കുന്നു.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ